**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4266** **06-03-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവരിൽ ഏറെ പേരും അനർഹരാണെന്ന് ധനവകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ നിരവധി പേർ അനർഹരായുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും വിവിധ സംഘടനകളിൽ നിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങളിൽ നിന്നും, 2016-ൽ കംപ്ട്രോളർ & ആഡിറ്റർ ജനറൽ നടത്തിയ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടിൽ നിന്നും, കരകുളം ഗ്രാമപഞ്ചായത്തിൽ മഹിളാ പ്രദാൻ ഏജന്റുമാർ മുഖേന നടത്തിയ സർവ്വേയിലൂടെയും ഇത് ബോധ്യപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ വാഹനങ്ങൾ സംബന്ധിച്ച ഡാറ്റാബേസ്, സ്പാർക്ക് ഡാറ്റാ ബേസ്, സർവ്വീസ്/ കുടുംബ പെൻഷൻകാരുടെ ഡാറ്റാബേസ്, റബ്ബർ സബ്സിഡി ഡാറ്റാ ബേസ് എന്നിവ പരിശോധിച്ചപ്പോഴും അനർഹർ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടെ ഡാറ്റാ ബേസ് സാമൂഹ്യ സുരക്ഷാ പെൻഷൻ ഡാറ്റാബേസായ സേവനയുമായി സംയോജിപ്പിച്ച് പരിശോധിച്ചപ്പോഴും രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്ന നിരവധി പേരെ കണ്ടെത്തുകയുണ്ടായി.. 2019 ഡിസംബർ മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്കായി നടത്തിയ മസ്റ്ററിംഗ് വഴി മരണപ്പെട്ടവരെയും വിവിധ കാരണങ്ങളാൽ അനർഹരായവരെയും കണ്ടെത്തിയിട്ടുണ്ട്.<br><br>മസ്റ്ററിംഗ് നടത്താൻ ഇനിയും അവശേഷിക്കുന്നവർ 128022 പേരാണ്. ഇതിൽ മസ്റ്ററിംഗ് പൂർത്തിയാക്കുന്ന അർഹരായവർക്ക് മസ്റ്റർ ചെയ്യുന്ന മാസം മുതൽക്കുള്ള പെൻഷൻ ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | കംപ്ട്രോളർ & ആഡിറ്റർ ജനറൽ നടത്തിയ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ട് (2016) പ്രകാരം 12 % പേർ അനർഹരെന്നു കണ്ടെത്തിയിട്ടുണ്ട്. മറ്റ് വിവിധ പരിശോധനകൾ പ്രകാരം അനർഹരെന്നു കണ്ടെത്തിയവരുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) | അനർഹരെ കണ്ടെത്തുന്നതിനായി നടത്തിയ മസ്റ്ററിംങ് കൂടാതെ മറ്റെന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അനർഹരായി ലിസ്റ്റിൽ എത്ര ആളുകൾ ഉണ്ടെന്നാണ് കണ്ടെത്തിയതെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ നിരവധി പേർ അനർഹരായുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും വിവിധ സംഘടനകളിൽ നിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങളിൽ നിന്നും, 2016-ൽ കംപ്ട്രോളർ & ആഡിറ്റർ ജനറൽ നടത്തിയ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടിൽ നിന്നും, കരകുളം ഗ്രാമപഞ്ചായത്തിൽ മഹിളാ പ്രദാൻ ഏജന്റുമാർ മുഖേന നടത്തിയ സർവ്വേയിലൂടെയും ഇത് ബോധ്യപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ വാഹനങ്ങൾ സംബന്ധിച്ച ഡാറ്റാബേസ്, സ്പാർക്ക് ഡാറ്റാ ബേസ്, സർവ്വീസ്/ കുടുംബ പെൻഷൻകാരുടെ ഡാറ്റാബേസ്, റബ്ബർ സബ്സിഡി ഡാറ്റാ ബേസ് എന്നിവ പരിശോധിച്ചപ്പോഴും അനർഹർ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടെ ഡാറ്റാ ബേസ് സാമൂഹ്യ സുരക്ഷാ പെൻഷൻ ഡാറ്റാബേസായ സേവനയുമായി സംയോജിപ്പിച്ച് പരിശോധിച്ചപ്പോഴും രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്ന നിരവധി പേരെ കണ്ടെത്തുകയുണ്ടായി. 2019 ഡിസംബർ മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്കായി നടത്തിയ മസ്റ്ററിംഗ് വഴി മരണപ്പെട്ടവരെയും വിവിധ കാരണങ്ങളാൽ അനർഹരായവരെയും കണ്ടെത്തിയിട്ടുണ്ട്.<br><br>മസ്റ്ററിംഗ് നടത്താൻ ഇനിയും അവശേഷിക്കുന്നവർ 128022 പേരാണ്. ഇതിൽ മസ്റ്ററിംഗ് പൂർത്തിയാക്കുന്ന അർഹരായവർക്ക് മസ്റ്റർ ചെയ്യുന്ന മാസം മുതൽക്കുള്ള പെൻഷൻ ലഭിക്കുന്നതാണ്.<br><br>കംപ്ട്രോളർ & ആഡിറ്റർ ജനറൽ നടത്തിയ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ട് (2016) പ്രകാരം 12 % പേർ അനർഹരെന്നു കണ്ടെത്തിയിട്ടുണ്ട്. മറ്റ് വിവിധ പരിശോധനകൾ പ്രകാരം അനർഹരെന്നു കണ്ടെത്തിയവരുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (സി) | അനർഹർ കൈപ്പറ്റിയ തുക തിരിച്ചുപിടിച്ചിട്ടുണ്ടോ; | (സി) | അനർഹമായി കൈപ്പറ്റിയ തുക തിരിച്ചു പിടിക്കുന്ന |

| | | | |
|---|---|---|---|
| | ഇല്ലെങ്കിൽ ആയതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | | നടപടികൾ തുടർന്നുവരികയാണ്. ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്കും , ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർക്കും, ട്രഷറി ഡയറക്ടർക്കും ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ഡി) | നിലവിൽ എത്രയാളുകളാണ് പെൻഷൻ വാങ്ങുന്നതെന്നും ഓരോ മാസവും ഇതിനായി എത്ര തുക ചെലവ് വരുന്നുവെന്നും വെളിപ്പെടുത്തുമോ? | (ഡി) | 2022 ഡിസംബർ മാസത്തെ കണക്കുകൾ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന 5,028,396 ഗുണഭോക്താക്കളും, സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡു പെൻഷൻ വാങ്ങുന്ന 673,569 ഗുണഭോക്താക്കളുമാണുള്ളത്. ടി ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിനായി 873.14 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകളും, സാംസ്കാരികം, കായിക യുവജനക്ഷേമം, തൊഴിൽ, പിന്നാക്ക വിഭാഗ വികസനം വകുപ്പുകൾ മുഖേനയുള്ള പെൻഷനുകളും സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ